LIBRARY ARCHIVES Kerala Legislative Assembly

എസ്.എസ്.എൽ.സി. പരീക്ഷയിൽ റാങ്ക് നേടിയവർ

111 [729] ശ്രീ. എ. സുജനപാൽ:
,, വർക്കല കഹാർ:
,, എം. മുരളി:
,, കെ. അച്ചുതൻ:
,, ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയിൽ 15 വരെയുള്ള റാങ്കുകൾ നേടിയത് എത്ര പേരാണ്;

(ബി) ഇവരിൽ എത്ര പേർ വീതം ഗവൺമെന്റ് സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും അംഗീകൃത സ്കൂളുകളിലും പഠിച്ചവരാണ്;

(സി) എത്ര പേർ അദ്ധ്യാപകരുടെ മക്കളാണ്; അദ്ധ്യാപകരുടെ മക്കളായ കുട്ടികളിൽ ഗവൺമെന്റ് സ്കൂളിൽ പഠിച്ചവർ എത്ര പേരുണ്ടായിരുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 237 വിദ്യാർത്ഥികൾ.

(ബി) ഇവരിൽ 14 പേർ ഗവൺമെന്റ് സ്കൂളുകളിലും 92 പേർ എയ്ഡഡ് സ്കൂളുകളിലും 131 പേർ അൺഎയ്ഡഡ് സ്കൂളുകളിലും പഠിച്ചവരാണ്.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

എസ്.എസ്.എൽ.സി. ബുക്കിന്റെ ഡ്യൂപ്ലിക്കേറ്റ് ലഭിക്കുന്നതിനുള്ള കാലതാമസം

112 [730] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഷ്ടപ്പെട്ട എസ്.എസ്.എൽ.സി. ബുക്കുകൾക്കു പകരം ഡ്യൂപ്ലിക്കേറ്റ് ബുക്ക് ലഭിക്കുന്നതിനുള്ള അപേക്ഷകൾ പരീക്ഷാഭവനിൽ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒരു വർഷത്തിലധികം പഴക്കമുള്ള അപേക്ഷകളുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ കെട്ടിക്കിടക്കുന്ന അപേക്ഷകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(ഡി) ഡ്യൂപ്ലിക്കേറ്റ് ബുക്ക് നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് ഉദ്യോഗസ്ഥരുടെ പ്രത്യേക സംഘത്തെ നിയോഗിക്കുമോ?